(ഡി) ഇവർ ഭൂമി ആവശ്യപ്പെട്ടിരിക്കുന്ന എം.ആർ.ഐ. സ്കാൻ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. സർക്കാർ ഇതിന്മേൽ യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല.

സംസ്ഥാനത്ത് ഓക്സിജൻ പാർലറുകൾ

145 (803)ശ്രീ. കെ. ബാബു :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഓക്സിജൻ പാർലറുകൾ പ്രവർത്തിക്കുന്നു;

(ബി) ഇവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(സി) ഇവയ്ക്ക് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) തുടർച്ചയായി മെഡിക്കൽ ഓക്സിജൻ ശ്വസിക്കുന്നതു മൂലം എന്തെങ്കിലും രോഗം ഉണ്ടാകാനുള്ള സാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) ഓക്സിജൻ പാർലറുകൾ എന്ന പേരിൽ സംസ്ഥാനത്ത് ഗവൺമെന്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ട്. ഓക്സിജൻ ടോക്സിറ്റി എന്ന രോഗം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

146 (804)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സ് നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിനായി ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(എഫ്) ഈ കോഴ്സ് നിർത്താലാക്കുമ്പോൾ ക്ലാസ് 4- വിഭാഗത്തിൽപ്പെടുന്ന ഏതെങ്കിലും കാറ്റഗറിയിലെ ജീവനക്കാരുടെ പ്രൊമോഷൻ തടയപ്പെടാൻ സാദ്ധ്യതയുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടുവർഷക്കാലത്തേയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നിർത്തിവയ്ക്കുവാനുള്ള വിഷയം ആലോചനയിലാണ്.

(ബി) സംസ്ഥാനത്തെ 600 ഓളം വരുന്ന ലെപ്രസി വിഭാഗത്തിന്റെ കേന്ദ്ര സഹായം 30.9.2000 ത്തോടെ കേന്ദ്രസർക്കാർ നിർത്തിവയ്ക്കുകയാണ്. അതിനാൽ ഈ വിഭാഗം ജീവനക്കാർക്ക് 6 മാസത്തെ മൾട്ടി പർപ്പസ് പരിശീലനം ജെ.എച്ച്.ഐ. പരിശീലന കേന്ദ്രങ്ങളിൽ വിവിധ ബാച്ചുകളിലായി നൽകി ജനറൽ ഹെൽത്ത് വിഭാഗത്തിലേക്ക് നിയമിക്കുവാനുള്ള തീരുമാനം ചർച്ചയിലായതുകൊണ്ടാണ് രണ്ടുവർഷത്തേയ്ക്ക് ഈ കോഴ്സ് നിർത്തിവയ്ക്കാനുള്ള കാര്യം പരിഗണിക്കുന്നത്.

(സി) വിഷയം ചർച്ചയിലാണ്.

(ഡി) ലെപ്രസി വിഭാഗത്തിന് മൾട്ടി പർപ്പസ് പരിശീലനം നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരിശീലന കേന്ദ്രങ്ങളിൽ വച്ച് നടത്താനും 2 വർഷക്കാലം ജെ.എച്ച്.ഐ. പരിശീലനം നിർത്തിവയ്ക്കുവാനുള്ള കാര്യമാണ് ചർച്ച ചെയ്തുവരുന്നത്.

(ഇ) ആരോഗ്യവകുപ്പ് നടത്തുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പരിശീലനം പാസ്സായവരെയും ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് നടത്തുന്ന സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസായവരെയുമാണ് ജൂനിയർ ഇൻസ്പെക്ടർമാരായി നിയമിക്കുന്നത്.

(എഫ്) ക്ലാസ്-4 വിഭാഗത്തിന്റെ പ്രൊമോഷൻ തടയപ്പെടാൻ സാദ്ധ്യതയില്ല.

(ജി) ബാധകമല്ല.

ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളുടെ പ്രവർത്തനം

147 (805)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെ കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളുടെയും ജില്ലാ താലൂക്ക് പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആരോഗ്യമേഖലയിൽ 1996 മുതൽ ഓരോ വർഷവും എന്തുതുക ചെലവഴിച്ചു;

(സി) 1996-97, 1997-98, 1998-99, 1999-2000 എന്നീ വർഷങ്ങളിൽ മരുന്നിന് എന്തുതുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കൈക്കൊണ്ട പ്രധാന നടപടികളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly